**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **19-09-2025 - ൽ മറുപടിയ്ക്ക്**

**മലയോരപട്ടയ വിതരണത്തിന്റെ ഭാഗമായി റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലയോര പട്ടയ വിതരണത്തിന്റെ ഭാഗമായി റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടക്കാത്ത പ്രദേശങ്ങളിലും മുൻപ് നടന്ന പരിശോധനയിൽ ഒഴിവാക്കപ്പെട്ട പ്രദേശങ്ങളിലും സംയുക്ത പരിശോധന നടത്താൻ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | മലയോര പട്ടയ വിതരണത്തിന്റെ ഭാഗമായി റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടക്കാത്ത പ്രദേശങ്ങളിലും, മുൻപ് നടന്ന പരിശോധനയിൽ ഒഴിവാക്കപ്പെട്ട പ്രദേശങ്ങളിലും സംയുക്ത പരിശോധന നടത്തുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുകൊണ്ട് 22/07/2025 തീയതിയിൽ സ.ഉ. (സാധാ) നം. 1755/2025/റവ (അനുബന്ധം) നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സംയുക്ത പരിശോധന നടത്തുന്നതിനുള്ള അവസാന തീയതി 30/12/2025 വരെയായാണ് ദീർഘിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - വനഭൂമി പതിവ് - കേന്ദ്ര സർക്കാർ അനുമതി ലഭിച്ച ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതും 1/1/1977 ന് മുമ്പുള്ള വനഭൂമി കൈവശങ്ങൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന പൂർത്തീകരിക്കുന്നതിനുള്ള തീയതി ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.1755/2025/RD തീയതി,തിരുവനന്തപുരം, 22-07-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം. 476/2019/റവ തീയതി, 08.02.2019

2. 16-06-2025 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/5638/2025-LR(J11) നം. കത്ത്

**ഉത്തരവ്**

പരാമർശം(2)ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് 1/1/1977നു മുൻപായി വനഭൂമിയിൽ കുടിയേറ്റം നടത്തിയവരുടെ പേരിൽ പട്ടയം അനുവദിക്കുന്നതിനായി സംയുക്ത പരിശോധന പൂർത്തിയാക്കുന്നതിന് പരാമർശം(1)ൽ നിഷ്കർഷിച്ചിരുന്ന തീയതി 30-12-2025 വരെയാക്കി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഭേദഗതിയോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
വനം വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-L1/108/2025-REV)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ